# <u>ഗവ. ഹൈസ്കൂൾ ഏലൂർ</u>

## പ്രവർത്തന റിപ്പോർട്ട്

ആഗസ്റ്റ്, സെപ്റ്റംബർ 2016

01.08.2016 ന് SRG മീറ്റിംഗ് കൂടുകയും ആഗസ്റ്റ് മാസത്തിലെ നടത്തേണ്ട പ്രവർത്തനങ്ങളെ പറ്റി ചർച്ച ചെയ്യുകയും ചെയ്തു. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ക്വിസ്സ്, പ്രബന്ധ രചന, ചാർട്ട് നിർമ്മാണം, ദേശഭക്തിഗാന മത്സരം,എന്നിവ നടത്തുവാൻ തീരുമാനിച്ചു. സ്വാതന്ത്ര്യ ദിനം വളരെ ആഘോഷപൂർവ്വം ആചരിക്കുവാനും തീരുമാനിച്ചു. FACT ൽ നിന്നുമുള്ള അഭ്യർത്ഥന പ്രകാരം FACT ഗ്രൗണ്ടിൽ 15.08.2016 ന് നടക്കുന്ന ആഘോഷ പരിപാടിയിൽ ഒരു കുട്ടികളുടെ നാടകം നടത്തുവാനും തീരുമാനിച്ചു.
06.08.2016 ന് ഹിരോഷിമ ദിനം, 09.08.2016 ന് ക്വിറ്റ് ഇന്ത്യ ദിനം എന്നിവ സ്കൂളിൽ ആചരിച്ചു. 15.08.2016 ന് സ്വാതന്ത്ര്യ ദിനാഘോഷം പതാക ഉയർത്തലോടെ ആരംഭിച്ചു. ഏലൂർ നഗരസഭ ചെയർപേഴ്സൺ, കൗൺസിലർമാർ, പി.റ്റി.എ അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു. കുട്ടികളുടെ ദേശഭക്തിഗാനം, നാടകം, നൃത്തനൃത്ത്യങ്ങൾ എന്നിവ ആഘോഷത്തിന് മാറ്റ് കൂട്ടി.

കഴിഞ്ഞ വർഷത്തിൽ നിന്നും വ്യത്യസ്തമായി ഇത്തവണ കർഷകദിനം വളരെ ഉപചാരപൂർവ്വം ആഘോഷിക്കുവാൻ തീരുമാനിച്ചു. 16.08.2016 സ്റ്റാഫ് കൗൺസിൽ ചേർന്ന് കർഷകദിനം സമുചിതമായി ആഘോഷിക്കുന്നതിനെ കുറിച്ച് ചർച്ച ചെയ്തു. ഒരു കർഷക വ്യക്തിത്വത്തെ ക്ഷണിക്കുവാനും ആദരിക്കുവാനും ഉപഹാരം സമർപ്പിക്കുവാനും തീരുമാനിച്ചു. ഏലൂരിലെ ശ്രീ.തങ്കപ്പൻ എന്ന കർഷകനെ നേരിൽ കണ്ട് ക്ഷണിക്കുവാൻ അധ്യാപകരായ ശ്രീ. ആനന്ദ്, ശ്രീമതി.മിനി എന്നിവരെ ചുമതലപ്പെടുത്തി. വാർഡ് കൗൺസിലർ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, പി.റ്റി.എ പ്രസിഡന്റ് എന്നിവരേയും ക്ഷണിക്കുവാൻ തീരുമാനിച്ചു. കർഷകനുമായി അഭിമുഖം നടത്തുവാൻ കുട്ടികൾക്ക് അവസരം നൽകാം എന്ന് ഹെഡ്മിസ്ട്രസ്സ് ശ്രീമതി.സുചേത ടീച്ചർ അഭിപ്രായപ്പെട്ടു.

അന്നേ ദിവസം തന്നെ ശ്രീ.തങ്കപ്പൻ എന്ന കർഷകനെ ക്ഷണിക്കുന്നതിനായി അധ്യാപകരായ ശ്രീ. ആനന്ദ്, ശ്രീമതി.മിനി , 10-ാം ക്ലാസ്സിലെ അക്ഷയ് എന്നിവർ അദ്ദേഹത്തിന്റെ വീട് സന്ദർശിച്ചു. 17.08.2016 ഉച്ചക്ക് 1.30 മണിക്ക് യോഗത്തിന് എത്തി ചേരാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു.

17.08.2016 ന് വാർഡ് കൗൺസിലർ ശ്രീമതി. സി.ബി.റഹീമയുടെ അദ്യക്ഷതയിൽ യോഗം ആരംഭിച്ചു. ശ്രീ. ആനന്ദ് സർ സ്വാഗതം ആശംസിച്ചു. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി.മെറ്റിൽഡ ജെയിംസ്, പി.റ്റി.എ പ്രസിഡന്റ് ശ്രീ.കെ.ആർ.കെ.പ്രസാദ് എന്നിവർ സന്നിഹിതരായിരുന്നു. കർഷകരായ ശ്രീ.രാമകൃഷ്ണൻ , ശ്രീ.അയ്യർ എന്നിവർ ചേർന്ന് പറ നിറച്ച് നിലവിളക്ക് കൊളുത്തി ചടങ്ങ് ഉത്ഘാടനം ചെയ്തു. തുടർന്ന് അവരെ പൊന്നാട അണിയിച്ച് ആദരിക്കുകയും ചെയ്തു. കുട്ടികൾ കൃഷിയുമായി ബന്ധപ്പെട്ട സംശയങ്ങൾ ചോദിക്കുകയും കാര്യങ്ങൾ മനസിലാക്കുകയും ചെയ്തു. ശ്രീ.അയ്യർ തന്റെ കൃഷി അനുഭവങ്ങൾ കുട്ടികൾക്കായി പങ്ക് വെച്ചു. ശ്രീമതി.മെറ്റിൽഡ ജെയിംസ് , ശ്രീ.കെ.ആർ.കെ.പ്രസാദ് എന്നിവർ ആശംസകൾ നേർന്നു. ശ്രീ.രാമകൃഷ്ണൻ , ശ്രീ.അയ്യർ എന്നിവർ ചേർന്ന് സ്കൂൾ അംഗണത്തിൽ വാഴതൈ നട്ടു. യോഗം 3 മണിയോടെ അവസാനിച്ചു.

02.09.2016 ന് ചേർന്ന SRG മീറ്റിംഗിൽ അധ്യാപകദിനം പൂർവ്വാധ്യാപകരെ ആദരിച്ചു കൊണ്ട് ആഘോഷിക്കുവാൻ തീരുമാനിച്ചു. സെപ്റ്റംബർ 5 അധ്യാപകദിനം സമുചിതമായി ആഘോഷിച്ചു. സ്കൂൾ ഓഡിറ്റോറിയത്തിൽ ചേർന്ന യോഗം 10 മണിക്ക് ആരംഭിച്ചു. ഹയർ സെക്കന്ററി പ്രിൻസിപ്പൽ ശ്രീമതി. ഷേർലിക്കുഞ്ഞ് സ്വാഗതം ആശംസിച്ചു. വാർഡ് കൗൺസിലർ ശ്രീമതി. സി. ബി. റഹീമ അധ്യക്ഷം വഹിച്ചു യോഗം ഏലൂർ നഗരസഭാധ്യക്ഷ ശ്രീമതി. സിജി ബാബു, ഉത്ഘാടനം ചെയ്തു.

പൂർവ്വാധ്യാപകരായ ശ്രീ. ബ്രിട്ടോ റൊസാരിയോ, ശ്രീ. കെ. ബി. ഷാഹുൽ ഹമീദ്, ശ്രീമതി. പി. ജി. മേരി, ശ്രീമതി. പി. കെ. നസിം, ശ്രീമതി. രമാദേവി എന്നിവർ സ്കൂളിന്റെ ആദരം ഏറ്റുവാങ്ങാൻ എത്തിയിരുന്നു. ആശംസകളർപ്പിച്ച് വിദ്യാഭ്യാസ സ്റ്റാഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. മെറ്റിൽഡ ജെംസ്, പിറ്റിഎ പ്രസിഡന്റ് ശ്രീ അലികുഞ്ഞ്, പിറ്റിഎ വൈസ് പ്രസിഡന്റ് ശ്രീ.സുലൈമാൻ, സ്കൂൾ ലീഡർ, എന്നിവർ സംസാരിച്ചു.

ശ്രീ. കെ. ബി. ഷാഹുൽഹമീദ് സാറിനെ ചെയർപേഴ്സൺ ശ്രീമതി. സിജി ബാബു, ശ്രീ. ബ്രിട്ടോ റൊസാരിയോ സാറിനെ പി.റ്റി.എ പ്രസിഡന്റ് ശ്രീ.അലികുഞ്ഞ്, ശ്രീമതി. രമാദേവി ടീച്ചറിനെ വാർഡ് കൗൺസിലർ ശ്രീമതി. സി. ബി. റഹീമ, ശ്രീമതി. പി.ജി.മേരി ടീച്ചറിനെ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. മെറ്റിൽഡ ജെംസ് ശ്രീമതി. പി. കെ. നസിം ടീച്ചറെ പിറ്റിഎ വൈസ്പ്രസിഡന്റ് ശ്രീ.സുലൈമാൻ എന്നിവർ പൊന്നാടകളണിയിച്ചു.

തുടർന്ന് കുട്ടികൾ സ്നേഹോപഹാരമായി പുസ്തകങ്ങളും ആദരണീയരായ അധ്യാപകർക്ക് സമർപ്പിച്ചു.
ആദരവ് ഏറ്റുവാങ്ങിയ അധ്യാപകർ തങ്ങളുടെ അധ്യാപനാനുഭവങ്ങൾ പങ്കുവച്ചത് ഏറെ ഹൃദ്യമായി, അവ കുട്ടികൾക്കും അധ്യാപകർക്കും ഒരെ പോലെ പ്രചോദനമാകുകയും ചെയ്തു.

തുടർന്ന് അധ്യാപകരായ ഉഷ ടീച്ചർ, സാജിത ടീച്ചർ, ദിവ്യ എന്നിവർ ഗാനം ആലപിച്ചു. ഹൈസ്കൂൾ വിഭാഗത്തിലേയും , ഹയർ സെക്കന്ററി വിഭാഗത്തിലെയും കുട്ടികൾ തങ്ങളുടെ കലാപരിപാടികൾ അവതരിപ്പിച്ചു.

വളരെ നല്ല മുഹൂർത്തങ്ങൾ സമ്മാനിച്ച് യോഗം 1.00 മണിയോടെ സമാപിച്ചു.